# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:557** **21.11.2019-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പാർപ്പിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. ടി.ജെ. വിനോദ്<br>ശ്രീമതിഷാനിമോൾ ഉസ്മാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഭൂരഹിത, ഭവനരഹിത മത്സ്യത്തൊഴി ലാളികൾക്ക് സുരക്ഷിത പാർപ്പിടം ഒരുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) -സമഗ്ര ഭവന പദ്ധതി -<br>(എ) ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിന് 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ധനസഹായം @ 6 ലക്ഷം/യൂണിറ്റ്<br>(ബി) 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം @ 2 ലക്ഷം/യൂണിറ്റ്.<br>2) ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) - ഫിഷർമെൻ കോളനി നവീകരണം - 250 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധന സഹായം @ 2 ലക്ഷം/യൂണിറ്റ്.<br>3) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി (2016-17) - 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധന സഹായം - 2 ലക്ഷം/ യൂണിറ്റ് |

4) കടലാക്രമണത്തിൽ വീടും, സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (അഭയം) (2016-17) - 248 മത്സ്യ ത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.

5) ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി -

(എ) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് (CRZ അനുവദനീയമായ സ്ഥലങ്ങളിൽ സ്വന്തമായി വസ്തു ഉള്ളവർ) ഭവന നിർമ്മാണത്തിന് 1200 പേർക്ക് ധനസഹായം - 4 ലക്ഷം/ യൂണിറ്റ്

(ബി) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് സുരക്ഷിത മേഖലയിൽ ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിന് 750 പേർക്ക് ധനസഹായം - 10 ലക്ഷം രൂപ/ യൂണിറ്റ്

| | |
|---|---|
| ബി) കാലാവസ്ഥ വ്യതിയാനം മൂലം കടലാക്രമണ ഭീഷണി വർദ്ധിക്കുകയും മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് എല്ലാ വർഷവും നാശം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവരെ സുരക്ഷിത മേഖലയിലേക്ക് മാറ്റിപ്പാർപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ബി) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ മാറ്റി പാർപ്പി ക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 1) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധി വാസം - പ്രത്യേക പാക്കേജ് (2016-17) 248 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലംവാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.<br>2) ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി - തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം - 750 |

പേർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.

3). കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ചു കൈമാറി നൽകിയിട്ടുണ്ട്.

4) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി (2017-18) ൽ 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 5) ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 24 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം നൽകുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ നാളിതുവരെ 1798 പേർ ഗുണഭോക്താക്കൾ ആകുകയും 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും ചെയ്തു.

കടലാക്രമണ ഭീഷണിയിൽ കഴിയുന്നതും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും

| | | | |
|---|---|---|---|
| | | | 1398 കോടി രൂപ ഇതിനായി അനുവദിച്ചു. ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള തുക നിലവിലെ സാഹചര്യത്തിൽ തുലോം കുറവായതിനാൽ അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | സി) | സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. ഇത് നിലവിൽ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികളിൽ ഏറ്റവും ഉയർന്ന തോതിലുള്ള ധനസഹായമാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |
| ഡി) | തിരുവനന്തപുരത്ത് മുട്ടത്തറയിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുവാൻ തുടക്കമിട്ട തരത്തിലുള്ള പാർപ്പിട സമുച്ചയം സംസ്ഥാനത്തെ തീരദേശ മേഖലയിൽ കൂടുതൽ സ്ഥലത്ത് സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | ഡി) | കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ് കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണും പുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**